(ബി) ഉണ്ട്. മിനിമം വേതനം പ്രതിദിനം 200 രൂപയായി വർദ്ധിപ്പിക്കാൻ കേന്ദ്ര സർക്കാരിനോട് അവശ്യപ്പെട്ടിട്ടുണ്ട്. കേന്ദ്രസർക്കാർ ഇക്കാര്യത്തിൽ അനുകൂലതീരുമാനം അറിയിച്ചിട്ടില്ല.

തൊഴിലുറപ്പ് പദ്ധതിയിൽ പണിയെടുക്കുന്ന തൊഴിലാളികൾക്ക് ക്ഷേമനിധി

146 (4770) ശ്രീ. കെ. രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൊഴിലുറപ്പ് പദ്ധതിയിൽ പണിയെടുക്കുന്ന തൊഴിലാളികൾക്ക് ക്ഷേമനിധി നിലവിലുണ്ടോ ; ഇല്ലെങ്കിൽ ആയത് നടപ്പിലാക്കുവാൻ നടപടി സ്വീകരിക്കുമോ ;

(ബി) പ്രസ്തുത പദ്ധതിയിൽ പണിയെടുക്കുന്ന തൊഴിലാളികളെ ഇ.എസ്.ഐ.- യുടെ പരിധിയിൽ കൊണ്ടുവരുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ പണിയെടുക്കുന്ന തൊഴിലാളികൾക്ക് ക്ഷേമനിധി നിലവിലില്ല. തൊഴിലുറപ്പ് നിയമത്തിൽ ഇക്കാര്യത്തിന് വ്യവസ്ഥയില്ല.

(ബി) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ പണിയെടുക്കുന്ന തൊഴിലാളികളെ ഇ.എസ്.ഐ-യുടെ പരിധിയിൽ കൊണ്ടു വരുന്നതിന് നിലവിൽ വ്യവസ്ഥയില്ല.

എസ്.എസ്.എ, ബി.ആർ.സി. പദ്ധതി പ്രകാരം ഫിസിയോതെറാപ്പിസ്റ്റിന്റെ സേവനം

147 (4771) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാലക്കാട് ജില്ലയിൽ നടപ്പിലാക്കിവരുന്ന എസ്. എസ്. എ., ബി. ആർ. സി. പദ്ധതികളുടെ ഭാഗമായി ഫിസിയോതെറാപ്പിസ്റ്റിന്റെ സേവനം ലഭ്യമാക്കിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കാമോ ;

(സി) ഫിസിയോതെറാപ്പിസ്റ്റിന്റെ സേവനം ആഴ്ചയിൽ എല്ലാ പ്രവൃത്തി ദിവസങ്ങളിലും ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ ;

(ഡി) എസ്.എസ്.എ., ബി.ആർ.സി. പദ്ധതികളുടെ ഭാഗമായി സേവനം നടത്തുന്ന ഫിസിയോതെറാപ്പിസ്റ്റുകളുടെ സേവന-വേതന വ്യവസ്ഥകൾ വ്യക്തമാക്കാമോ ;

(ഇ) പാലക്കാട് ജില്ലയിൽ നടപ്പിലാക്കുന്ന പദ്ധതി മറ്റു ജില്ലകളിലേക്ക് വ്യാപിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly